
ജി എച്ച് എസ്സ് എസ്സ് അച്ചൂർ
ലിറ്റിൽ കൈറ്റ്സ്
little
KITEs
നിലീനം
ഡിജിറ്റൽ മാഗസിൻ



# ആമുഖം

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളെല്ലാം ഹൈടെക് ആയി മാറി. ആധുനികകാലഘട്ടത്തിന് അനുസൃതമായ വിദ്യാഭ്യാസ രീതി സ്വായത്തമാക്കുന്നതിന് വിവരവിനിമയസാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വലിയ പങ്ക് വഹിക്കാനാകും. പാഠപുസ്തകത്തിലുള്ള അറിവുകൾക്കപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും സമ്പൂർണ്ണ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ ഒരു വിദ്യാഭ്യാസം രൂപപ്പെടേണ്ടതുണ്ട്. സങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും വളർത്തിയെടുക്കുന്നതിനാണ് " ലിറ്റിൽ കൈറ്റ്സ് " എന്ന ഐ.ടി കൂട്ടായ്മ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയത്.

ഹൈടെക് ആയി മാറിയ നമ്മുടെ സ്കൂളിലും ഐ.ടി മേഖലയിൽ താല്പര്യവും കഴിവും ഉള്ള വിദ്യാർത്ഥികളെ കോർത്തിണക്കികൊണ്ട് " ലിറ്റിൽ കൈറ്റ്സ് " എന്ന കുട്ടിക്കൂട്ടായ്മ അച്ചൂർ ഗവ. ഹയർസെക്കണ്ടറി സ്കൂളിലും പ്രവർത്തിച്ചുവരുന്നു.കുട്ടികളിൽ നിലീനമായ ഭാവനകൾ രചനകളായി പെയ്തിറങ്ങുന്നവ അടയാളപ്പെടുത്തുന്ന കയ്യൊപ്പാണ് "നിലീനം" എന്ന ഡിജിറ്റൽ മാഗസിൻ. എഴുത്തിന്റെ അനന്തമായ സാധ്യതകൾ ഡിജിറ്റൽ പ്രതലത്തിലൂടെ ഇന്റർനെറ്റിന്റെ അതിരുകളില്ലാത്ത ലോകത്തേക്ക് പറന്നുയരുന്ന അസുലഭമായ നിമിഷം...

അതെ....

നിലീനം...

അച്ചൂർ ഗവ. ഹയർസെക്കണ്ടറിയെ ഡിജിറ്റൽ സാധ്യതകളിലേക്ക് കൈപിടിച്ചുയർത്തുന്ന ഈ മാഗസിൻ നമ്മുടെ വഴിയും വഴിവിളക്കുമാണ്.

"ഇദം നം മമഃ

ഒരുപാട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന കുട്ടിക്കൂട്ടായ്മയുടെ ഒരു ചെറിയ ഉദ്യമമാണ് സ്കൂൾ മാഗസിൻ .കുട്ടികളുടെ സർഗ്ഗാത്മക രചനകൾ എല്ലാവർക്കും ആസ്വദിക്കുന്നതിന് "നിലീനം" എന്ന പേരിൽ അച്ചൂർ ഗവ. ഹയർസെക്കണ്ടറി സ്കൂളിന്റെ " ലിറ്റിൽ കൈറ്റ്സ് " മാഗസിൻ ഇവിടെ പ്രകാശിപ്പിക്കുകയാണ്. ഇതിന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച എല്ലാവർക്കും ഈ അവസരത്തിൽ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തട്ടെ.

ജി എച്ച് എസ്സ് എസ്സ് അച്ചൂർ

## ആശംസകളോടെ...........



അച്ചൂർ ഗവ.സെക്കണ്ടറി സ്കൂളിലെ "ലിറ്റിൽ കൈറ്റ്സ്" ഐ.ടി.ക്ലബ്ബ് അംഗങ്ങളുടെ പ്രഥമോദ്യമമായ "നിലീനം" എന്ന ഡിലിറ്റൽ മാഗസിൻ ഞങ്ങൾ അഭിമാനപുരസ്സരം പ്രകാശനം ചെയ്യുകയാണ്. കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗാത്മക കഴിവുകളെ ഈ മാഗസിനിലൂടെ പുറംലോകത്തെത്തിക്കാൻ ഈ കുട്ടികൂട്ടത്തിന് കഴിഞ്ഞിട്ടുണ്ട് . ഈ സൃഷ്ടി വായനക്കാരിൽ ഒരു നവ്യാനുഭവം ഉണ്ടാക്കുമെന്ന് ഉറപ്പാണ്. വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് തയ്യാറാക്കിയ ഈ ഉദ്യമത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.........

ശ്രീമതി . കെ.പി.സുലോചന
ഹെഡ്മിസ്ട്രസ്
ജി.എച്ച്.എസ്.എസ്. അച്ചൂർ

ആശംസകളോടെ...........



വിവരവിനിമയ സാങ്കേതിക വിദ്യ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തിയെടുക്കുന്നതിന് പ്രാപ്തമാകുന്ന തരത്തിൽ രൂപപ്പെടുത്തിയ "നിലീനം" എന്ന ഡിജിറ്റൽ മാഗസിൻ ഇവിടെ പ്രകാശനം ചെയ്യുകയാണ്.വായന മരിക്കുന്നു എന്ന് വിലപിക്കുന്ന ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഇ-വായനയുടെ പ്രസക്തി എടുത്ത് കാണിക്കുന്ന വിധത്തിലുള്ള രചനകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.കുട്ടികളുടെ വായനാതാൽപര്യം വർദ്ധിപ്പിക്കുന്നതിന് ഇത് തീർച്ചയായും ഉപകരിക്കുമെന്ന പ്രത്യാശയോടെ ..........

നജ്മുദ്ദീൻ.കെ

പി.ടി.എ പ്രസിഡണ്ട്

ജി.എച്ച്.എസ്.എസ്. അച്ചൂർ

**ആശംസകളോടെ...........**



ഭാവനകൾ രചനകളായി പെയ്തിറങ്ങിയപ്പോൾ വിവരവിനിമയസാങ്കേതികവിദ്യയിലൂടെ "നിലീനം" എന്ന ഡിജിറ്റൽ മാഗസിൻ എന്ന ആശയം ഇവിടെ പൂവണിയുകയാണ് അനന്തമായ അറിവിന്റെയും വായനയുടെയും ഉറവിടം തേടിയുള്ള ഈ മാഗസിന് എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്.........

Rajani P M
Senior Assistant
GHS Achoor

## താളുകളിലൂടെ..............

1. അച്ചൂർ ഗവ.ഹൈസ്കൂൾ - ഒരു തിരിഞ്ഞുനോട്ടം

2 .കൗമാരക്കാരെ കാർന്നു തിന്നുന്ന ലഹരി

3. മധുരനാരങ്ങ

4. ജോണിയുടെ പിറന്നാൾ

5. ബാലവേല

6. അപ്പുണ്ണിയുടെ ഗുരുനാഥൻ

7. വിശ്വരൂപമാണ്

8. ജീവിതത്തിലെ നൂൽപാത

9. അമ്മയുടെ സ്നേഹം

10. ഞെട്ടിക്കുന്ന സ്വപ്നം

11. സ്വപ്നം

12. നാടോടിക്കഥകളും വിദ്യാഭ്യാസവും

13. ജീവിതത്തിന്റെ വഴികൾ

14. എന്റെ വിദ്യാലയം

15. അമ്മയുടെ മഹത്വം

**16. അധ്വാനവും ആരോഗ്യവും**

**17. A RAINY NIGHT**

**18. ജീവിതത്തിലെ സൗഹൃദം**

**19. വയനാട്**

**20. എന്റെ നാട്**

**21. എന്റെ കൊച്ചുഗ്രാമം**

## മാസികാസമിതി അംഗങ്ങൾ

1 . ഷബാന ഷെറിൻ ( എഡിറ്റർ)

2 . ആരതി. ബി. എസ്

3 . സഹ്‌ല തസ്‌നി

4 . നാജില സി.കെ

5 . സഫ്‌വാൻ

6 . അൻസില ഷെറിൻ

7 .ഷഹന ഷെറിൻ

8 .നാജിയ ഫർസാന

# അച്ചൂർ ഗവ.ഹൈസ്കൂൾ : ഒരു തിരിഞ്ഞ് നോട്ടം



എവിടെയും പുഴതന്നെ എന്നർത്ഥം വരുന്ന പൊഴുതന പഞ്ചായത്തിലെ ഏക ഹയർസെക്കണ്ടറി സ്കൂൾ ഇന്നത്തെ അച്ചൂർ സ്കൂളായി മാറിയത് ഒരുപാട് വ്യക്തികളുടെ കഠിനപ്രയത്നത്തിന്റെ ഫലമായാണ്. വിദ്യാഭ്യാസമാണ് ഒരു സമൂഹത്തിന്റെ സംസ്കാരത്തെ രൂപപ്പെടുത്തുന്നത് എന്ന തിരിച്ചറിവ് തന്നെയാവണം അച്ചൂർ എസ്റ്റേറ്റ് തൊഴിലാളികളും നാട്ടുകാരും ഒരു സ്കൂളിനെ കുറിച്ച് ചിന്തിച്ച് തുടങ്ങിയതിന്റെ പിന്നിലെ പ്രേരണയും. 1954 ൽ ഏകാദ്ധ്യാപക വിദ്യാലയമായി പ്രവർത്തനമാരംഭിക്കുമ്പോൾ പരിമിതികൾ മാത്രമേ നമ്മുക്ക് സ്വന്തമായി ഉണ്ടായിരുന്നുള്ളൂ. ഏറെക്കാലത്തെ പരിശ്രമത്തിനൊടുവിൽ 1964 ൽ പ്രൈമറി സ്കൂളായി ഉയർത്തി. ഹൈസ്കൂളായി ഉയർത്താൻ കേവലം ആഗ്രഹം മാത്രം പോര എന്ന് തിരിച്ചറിഞ്ഞ നമ്മുടെ നാട്ടുകാർക്ക് സമരമുഖത്തേക്ക് തിരിയേണ്ടി വന്നു.

കോഴിക്കോട് ജില്ലാവിദ്യാഭ്യാസ ഓഫീസിന്റെ മുന്നിൽ മൂന്ന് തവണ സമരം നടത്തിയതിൽ നിന്നും ഹൈസ്കൂളാക്കി ഉയർത്താം എന്ന വാഗ്ദാനം ലഭിച്ചു. എങ്കിലും അതിന് ഒന്നര ഏക്കർ സ്ഥലം സ്വന്തമായി വേണമെന്ന നിബന്ധന നമ്മുടെ സമരനായകനായകൻമാരെ നിരാശരാക്കി. ഒടുവിൽ ഹാരിസൺ മലയാളത്തിന്റെ കൊച്ചി ഓഫീസിനു മുന്പിൽ നമ്മുടെ നേതാക്കൾ വീണ്ടും സമരം ചെയ്യുകയും വയനാടൻ വിദ്യാഭ്യാസത്തിന് എന്നും സഹായങ്ങൾ നൽകിയിട്ടുള്ള ഹാരിസൺ മലയാളം ഇന്നത്തെ കളിസ്ഥലമായ ഭൂമി സ്കൂളിന് പതിച്ചു നൽകി.

ആദ്യകാലങ്ങളിൽ സ്കൂൾ കെട്ടിടത്തിനായും മറ്റ് സൗകര്യങ്ങൾക്കായും എസ്റ്റേറ്റ്

തൊഴിലാളികളിൽ നിന്ന് പിരിവെടുത്തും സിനിമാപ്രദർശനം നടത്തിയുമാണ് പണം കണ്ടെത്തിയിരുന്നത്. ആദ്യകാലത്ത് ഓലഷെഡിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ കെട്ടിടം 1980 ൽ ഹൈസ്കൂളായി ഉയർത്തി. ഓരോ വർഷം ഓരോ ക്ലാസ്സ് എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ കുട്ടികളുടെ എണ്ണക്കൂടുതലും ക്ലാസ്സ് മുറികളുടെ അഭാവവും കാരണം ഷിഫ്റ്റ് സമ്പ്രദായത്തിലായിരുന്നു. സ്കൂൾ പ്രവർത്തിച്ചിരുന്നത്. 1993 ൽ പുതിയ കെട്ടിടത്തിന് തറക്കല്ലിട്ടെങ്കിലും 1998 ൽ മാത്രമാണ് കെട്ടിടംപമി പൂർത്തിയായത്.

2010 ൽ അച്ചൂരിന്റെ സ്വപ്നമായ ഹയർസെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു. എന്നും ഈ സ്കൂളിന്റെ മുന്നേറ്റത്തിനും വിജയത്തിനുമായി മുന്നിൽ നിന്ന് പോരാടിയത് അച്ചൂരിലെയും പൊഴുതനയിലേയും മറ്റ് സമീപപ്രദേശങ്ങളിലെയും നല്ലവരായ നാട്ടുകാരും എസ്റ്റേറ്റ് തൊഴിലാളികളും രാഷ്ട്രീയ-സാമൂഹിക-സാംസ്കാരികരംഗത്തെ പ്രഗൽഭരും അധ്യാപകരും തന്നെയാണ്. ഹൈസ്കൂൾ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഹയർസെക്കണ്ടറി വിഭാഗത്തിന് 2017 ൽ MSDP ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം സ്ഥാപിതമായി.

പൊതുവിദ്യാഭ്യസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഹയർസെക്കണ്ടറിയിലെയും മുഴുവൻ ക്ലാസ്സുകളിലും വിവരവിനിമയസാങ്കേതികവിദ്യയുടെ സഹായത്താൽ പഠനം ലളിതവും രസകരവുമാക്കാൻ സാധിച്ചു.സ്കൂൾ ഹൈടെക് ആക്കാൻ മുൻകൈ എടുത്തത് പൂർവ്വവിദ്യാർത്ഥികൾ, അധ്യാപകർ, തദ്ദേശവാസികൾ, വിവിധ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പ്രതിനിധികൾ എന്നിവരാണ്. സ്കൂളിന്റെ ഉന്നമനത്തിനായി ഇനിയും ഇവരുടെ അകമഴിഞ്ഞ സഹായം പ്രതീക്ഷിക്കുന്നു.

നൂറ്റാണ്ടിനുശേഷമുണ്ടായ മഹാപ്രളയം നമ്മുടെ സ്കൂളിനെ ഒന്ന് തളർത്തിയെങ്കിലും സുമനസ്സുകളുടെ അകമഴിഞ്ഞ സഹായത്താൽ ഫിനിക്സ് പക്ഷിയെ പോലെ അനുദിനം ഉന്നതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ് അച്ചൂർ ഗവ. ഹയർസെക്കണ്ടറി സ്കൂൾ.

# കൗമാരക്കാരെ കാർന്നു തിന്നുന്ന ലഹരി

## വളർന്നുവരുന്ന കുട്ടികളുടെ ലഹരിപദാർത്ഥങ്ങളോടുള്ള ആസക്തി

മദ്യം വിഷമാണ് അതോടൊപ്പംതന്നെ ഇന്ന് വിപണിയിൽ ഇറങ്ങുന്ന എല്ലാ ലഹരിവസ്തുക്കളും വിഷംതന്നെ. ഇത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എന്നിട്ടും ഇതിനെതിരെ ആരും ഒന്നും പറയുകയോ പ്രതികരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല എന്നത് സങ്കടകരമായ കാര്യമാണ്. ഇതിനെകുറിച്ച് അറിയാഞ്ഞിട്ടോ അതോ അറിഞ്ഞഭാവം നടിക്കാഞ്ഞിട്ടോ?

മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഒരുകലവറയായി വർത്തിക്കുകയാണ് കേരളം. ഇതിന് അടിമയാകുന്നവരിൽ ഭൂരിഭാഗംപേരും കൗമാരക്കാരാണ്. ആദ്യം ഒരു രസത്തിന് വേണ്ടി കുടിക്കാനും വലിക്കാനുമൊക്കെ തുടങ്ങും.പുകയിലയും മദ്യവും നൽകുന്ന ലഹരി പോരാതെവരുമ്പോൾ ഒരു കൗതുകത്തിന് പതുക്കെ പതുക്കെ കഞ്ചാവിന്റെയും മയക്കമരുന്നന്റെയും ലോകത്തേക്കും നീങ്ങുന്നു. അങ്ങനെ ചെറിയ കുട്ടികൾ വരെ അതിന് അടിമയാകും.പുകയായും പാനീയമായും കുത്തിവയ്പ്പലായുമൊക്കെ ആ വിഷം ഉള്ളിൽ കടക്കും. പിന്നെ അവയില്ലാതെ ജീവിക്കാൻ തന്നെ കഴിയില്ല എന്ന ചിന്ത വരും.ലഹരിയ്ക്കുവേണ്ടി ജീവിതം
തന്നെ വെടിയാൻ തയ്യാറാകും.

ആത് ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നത് തങ്ങളുടെ സുഹൃത്തുക്കൾ തന്നെയാണ്. അവർ അത് ഉപയോഗിച്ചതിനുശേഷം തന്റെ സുഹൃത്തിനോട് അതിന്റെ ഗുണങ്ങൾ പറഞ്ഞു ധരിപ്പിക്കുന്നു.അങ്ങനെ അവർ തനിക്ക് എന്തൊരു പ്രശ്നം വന്നാലും കൂട്ടുപിടിക്കുന്നത് ഈ ലഹരിയെ ആയിരിക്കും. അതിനുള്ളിലെ അപകടകാരിയെ തിരിച്ചറിയാതെ എത്ര വിലകൊടുത്തും അത് സ്വന്തമാക്കാൻ അവർ ശ്രമിക്കും.

ലഹരി പദാർത്ഥങ്ങൾ കൊടും വിഷമാണ്. ഒരൊറ്റ ഉപയോഗംകൊണ്ട് തന്നെ അത് നമ്മെ അടിമയാക്കും. ലഹരി മാത്രമാണ് ജീവിതെ എന്നതുകൊണ്ട് അവർ അത് കിട്ടാൻവേണ്ടി എന്ത് ക്രൂരമായ പ്രവർത്തിയും ചെയ്ത് തുടങ്ങും. മോഷ്ടിക്കുകയും മറ്റുള്ളവരെ ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്യും. മനുഷ്യൻ ഒരു ഭ്രാന്തനെ പോലെ അലയാൻ തുടങ്ങും. ഒരു മനുഷ്യനിൽ നിന്ന് ഒരു കുടുംബത്തിന്റെ നാശം തുടഹ്ങും. അത് പിന്നീട് സമൂഹത്തെയും നശിപ്പിക്കുന്നു. നന്നായി പഠിച്ച് ഒരുജോലിയൊക്കെ നേടി കുടുംബം സംരക്ഷിക്കുകയും സമീഹത്തിന് മാതൃകയാവുകയും ചെയ്യേണ്ട നമ്മെപോലുള്ള മനുഷ്യർ കഞ്ചാവിന്റെയും

പുകയിലയുടെയും മയക്കമരുന്നിന്റെയുമൊക്കെ അടിമകളായി ജീവിതം നശിപ്പിച്ച് തീർക്കും.ലഹരിയിൽ അടിമയാവുന്നതിന്റെഎ തുടക്കം പുകവലിയാണ്.പിന്നെ അത് മദ്യമായുംകഞ്ചാവായും ഒക്കെ മാറുന്നത്. മുതിർന്നവർ ചെയ്യുന്നത് കണ്ടാണ് കുട്ടികളും ഇങ്ങനെ ചെയ്യുന്നത്.

ഇത്തരം ലഹരിവസ്തുക്കൾ തഹ്ങളുടെ ആരോഗ്യത്തെ എങ്ങനെ ബാധിക്കുന്നു എന്നത് ഇവർ ചിന്തിക്കുന്നില്ല. അത് ശരീരത്തെ കാർന്ന് തിന്നുന്നു.കാൻസർപോലുല്ള മാരകമായപല രോഗങ്ങൾക്കും കാരണമാകുന്നു.

ഇവരെ ഇങ്ങനെ നശിപ്പിക്കുന്നത് വൻകിട മുതലാളിമാരാണ്. ഇതിൽ നിന്ന് പണമുണ്ടാക്കുന്ന വിദേമാഫിയസംഘടനകളാണ്. ഗവൺമെന്റുകളും പോലീസും ഇവരുടെ ദ്ദഢശക്തികൾക്കു മുന്നിൽ നിസ്സഹായരാകുന്നു. അവരെ രക്ഷിക്കാൻ ആർക്കും കഴിയില്ല.അപകടകാരിയായഈലഹരിയെ നമ്മുക്ക് മറക്കാം. അതിനെ കുറിച്ച് ഒരു ധാരണയില്ലാത്തതാമ് പലരുടെയും പ്രശ്നം. ലഹരിയെ കുറിച്ചും അതിന്റെ ഉപയോഗത്തെകുറിച്ചും അതിന്റെ ദൂഷ്യവശങ്ങളെകുറിച്ചും നാം ബോധവാൻമാരായിരിക്കണം. അതോടൊപ്പം മറ്റുള്ളവരെ അതിനെകുറിച്ച് ബോധവാൻമാരാക്കുകയും വേണം. യാതൊരു കാരണവശാലും ഇതിന്റെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കരുത്.മറിച്ച് എങ്ങനെയൊക്കെ അതിന്റെ ഉപയോഗത്തെ തടയാൻ കഴിയുന്നത്ര അതിനെ ഇല്ലാതാക്കാൻ ശ്രമിക്കുക. ലഹരിവിമുക്ത കേരളമാക്കി നമ്മുടെ നാടിനെ മാറ്റുക.

ആദ്യം സമാധാനത്തോടെ പറഞ്ഞു മനസ്സിലാക്കുകയാണ് ചെയ്യേണ്ടത്.അതോടൊപ്പം ദോഷഫലങ്ങൾ ചിത്രീകരിക്കുന്ന ചിത്രങ്ങൾ,പോസ്റ്ററുകൾ,സിനിമകൾ ഇങ്ങനെ ഏതുവിധത്തിലുള്ള മാർഗവും തേടാം.അതിനൊക്കെ മുമ്പ് നമുക്ക് ലഹരിയോടുള്ള സമീപനം എന്താണെന്ന് നോക്കണം.നാമത് ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം.നമ്മുടെ കുടുമ്പത്തിൽ ഇത്തരത്തിൽ മദ്യം കഴിക്കുന്നവരോ സിഗരറ്റോ ബീഡിയോ വലിക്കുന്നവരോ മറ്റു ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരോ ഇല്ല എന്ന് നിജപ്പെടുത്തണം.ഇതൊരു ഗുരുതര വിഷയമാണ്.അതുകൊണ്ടുതന്നെ എത്ര ബുദ്ധിമുട്ടിയും ലഹരി ഉപയോഗത്തെ തടയേണ്ടതുണ്ട്.നല്ലൊരു നാളേയ്ക്കായി കരുതലോടെ ഇരിക്കാം നമുക്ക്.

നമ്മളറിയണം മദ്യ ഉപയോഗത്തിൽ ലോകത്തുതന്നെ ഒന്നാം സ്ഥാനത്തേക്ക് കുതിക്കുകയാണ് കേരളം.മലയാളികൾ അരി വാങ്ങാനായി ഒരു വർഷം ചെലവിടുന്നത് 3500 കോടി രൂപയാണെങ്കിൽ മദ്യമ വാങ്ങാനായി ചെലവിടുന്നത് ഏകദേശം 10.000 കോടി രൂപയാണ്.

അതിനാൽ ഇന്നുതന്നെ നമ്മുക്ക് ഇതിന്റെ ഉപയോഗം ഉപേക്ഷിക്കാം. അതോടൊപ്പം ലഹരിവിരുദ്ധ കേരളമായി നമ്മുടെ നാടിനെ മാറ്റാം. ലഹരിവസ്തുക്കൾ ഇല്ലാതാക്കുക, അവ

ഉപയോഗിക്കാതിരിക്കുക, എല്ലാവരേയും ഇതിനെകുറിച്ച് ബോധവാന്മാരാക്കുക. നമ്മുടെ നാടിനെയും നാട്ടുകാരെയും സുഹൃത്തുക്കളെയും ഈ മാരക വിപത്തിൽ നിന്ന് നമ്മുക്ക് ഒത്തൊരുമിച്ച് രക്ഷിക്കാം.

തീർത്ഥ.പി

8 ബി

# മധുരനാരങ്ങ



ഒരിടത്ത് ,ഒരിടത്ത് അനു എന്ന പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു .അവളുടെ വീട്ടിൽ ഒരു മധുര നാരങ്ങയുടെ മരമുണ്ടായിരുന്നു .ആ മരത്തിൽ ഒരു മധുര നാരങ്ങയുണ്ടായിരുന്നു .അതിന്റെ സന്തോഷത്തിൽ അവൾ അവളുടെ വീട്ടിനടുത്തുള്ള കുട്ടിയോട് പോയിപറഞ്ഞു : എന്റെ വീട്ടിൽ മധുരനാരങ്ങയുണ്ടായി എന്ന് .അപ്പോൾ ആ കുട്ടി പറഞ്ഞു അനു എനിക്കും തരുമോ ആ മധുരനാര ങ്ങ.ഇല്ല തരില്ല അത് എന്റെ വീട്ടിലെ മധുരനാരങ്ങയല്ലേ.......എടീ ഞാൻ നിന്റെ അമ്മയോട് ചോദിക്കാം .ഞാൻ സമ്മതിക്കില്ല .അപ്പോൾ അനുവിനു ഒരു സൂത്രം തോന്നി നമുക്ക് രണ്ട് പേർക്കും ഓട്ട മത്സരം വെക്കാം അതിൽ ജയിക്കുന്ന ആൾക്ക് മധുര നാരങ്ങ എടുക്കാം.രണ്ട് പേരും അതിന് സമ്മതിച്ചു .അങ്ങനെ ആ ഓട്ട മത്സരവും കഴിഞ്ഞു.അതിൽ ചിന്നു വിജയിച്ചു.ഞാൻ മധുര നാരങ്ങ തരില്ല എന്ന് അനു വാശി പിടിച്ചു .ചിന്നു അനുവിനെ ഉന്തിയിട്ടു .അനുവിന്റെ മുട്ടിൽ മുറിവ് പറ്റി . അവർ തെറ്റി പിരിഞ്ഞു . .....

# ജോണിയുടെ പിറന്നാൾ



ജോണിയുടെ പിറന്നാളാണ് ഇന്ന്.പിറന്നാൾ ആഘോഷത്തിന് അവൻ കുറച്ച് കൂട്ടുകാരെ മാത്രമേ ക്ഷണിച്ചിട്ടുള്ളൂ . ജോണിയുടെ ഏറ്റവും അടുത്ത ചങ്ങാതിമാരായ, മീന,ജോ,ബെറ്റി , ലിയോ, റോസി എന്നിവരെ മാത്രം കൂട്ടുകാർ എല്ലാവരും പിറന്നാൾആഘോഷത്തിനെ ത്തിയത് എങ്ങനെയാണെന്ന് അറിയുമ്പോഴല്ലേ .......രസം .മീന ഒരുദുർമന്ത്രവാദിനിയുടെ വേഷത്തിൽ ,ജോ ഒരു ചെകുത്താന്റെ വേഷത്തിലും ,ബെറ്റി ഡ്രാഗന്റെ വേഷത്തിലും,ലിയോ ഒരു ചെന്നായി കുപ്പായം കൊണ്ട് .റോസി ആകട്ടെ ഒരു റോബട്ടിന്റെ വേഷത്തിലും .ഇവർ ഒരു വണ്ടിയിൽ ജോണിയുടെ വീട്ടിലെത്തിയത് രാത്രി പത്ത് മണിക്കായിരുന്നു .

രസികൻ വേഷങ്ങളിൽ കൂട്ടുകാരെ കണ്ടപ്പോൾ ജോണിക്കുണ്ടായ സന്തോഷം പറയാനില്ല അവർ എല്ലാവരും ചേർന്ന് പല കളികളും നടത്തി . അപ്പോഴേക്കും ജോണിയുടെ അമ്മ വലിയൊരു കേക്കുമായി എത്തി .ജ്യൂസുമായി ,വലിയ പ്ലേറ്റുകളിൽ മിഠായികളും,ക്രീം പുരട്ടിയ ആപ്പിൾ കഷണങ്ങളുമൊക്കെ ഉണ്ടായിരുന്നു . കുട്ടികൾ ഭക്ഷണ സാധനങ്ങളെല്ലാം സന്തോഷത്തോടെ കഴിച്ചു .ജോണിക്ക് പിറന്നാൾ ആശംസകൾ നേർന്നിട്ട് അവർ അവരവരുടെ വീട്ടുകളിലേക്ക് പോയി .ജോണിയാവട്ടെ തകർപ്പനൊരു പിറന്നാൾ ആഘോഷത്തിന്റെ സന്തോഷത്തോടെ ഉറങ്ങാൻ കിടന്നു

ഷിഫ്ന ഷെറിൻ

**9 A**

# ബാലവേല

കേരളത്തിലെ പല സ്ഥലത്തും നടന്ന് കൊണ്ടിരിക്കുന്ന ഒരു പ്രവണതയാണ് ബാലവേല . എന്താണ് ബാലവേല ? 18 വയസ്സിനു താഴെയുള്ള കുട്ടികളെ കൊണ്ട് വലിയ ഷോപ്പുകളിലും ,ഹോട്ടലുകളിലും മറ്റും ക്രൂരമായി മർദ്ദിച്ച് പണിയെടുപ്പിക്കുന്നതിനെ ബാലവേല എന്ന് പറയുന്നു. ആഹാരം പോലും നൽകാതെ കുട്ടികളെ പട്ടിണിക്കിട്ട് മർദ്ദിക്കുന്നു . കുട്ടികൾ ബാലവേലയ്ക്ക് വിധേയമാകുന്നതുമൂലം വിദ്യഭ്യാസം എന്ന അവകാശം പോലും പലപോഴും നിഷേധിക്കപ്പെടുന്നു . കൂടുതലും അനാഥ കുട്ടികളാണ് ബാലവേലയ്ക്ക് അടിമകളാകുന്നത്. ഇവരെ "ഓർഫനേജ് , ചൈൽഡ് ലൈൻ "തുടങ്ങിയ സ്ഥാപനങ്ങളിൽ ഏൽപ്പിക്കുക . വീട്ടിലെയും ,മറ്റും ദയനീയ സാഹചര്യങ്ങൾ മൂലവും ചില കുട്ടികൾ ബാലവേലയ്ക്ക് വിധേയരാകേണ്ടി വരുന്നു .അവരുടെ സാഹചര്യങ്ങൾ ചോദിച്ചറിഞ്ഞ് അതിനുവേണ്ട നടപടികൾ എടുക്കുന്നതിനു പകരം അവരെ ചൂഷണം ചെയ്യുന്നു.



കുട്ടികളെ ബാലവേല ചെയ്യിപ്പിക്കുന്ന മുതലാളിമാർ ഒന്നോർക്കുക! ഭാവിയിലെ പ്രകാശമാണവർ ആ പ്രകാശം നിങ്ങൾ ഊതിക്കെടുത്തരുത്.വരും തലമുറയ്ക്ക് അറിവ് നൽകണമെൻകിൽ അവർ പൂർണ്ണമായും വിദ്യാഭ്യാസം നേടിയേ പറ്റൂ. അത് നിങ്ങളായി ഇല്ലാതാക്കരുത്. നമ്മൾ സ്കൂളിൽ വരുകയും,പഠിക്കുകയും,കളിക്കുകയും ചെയ്യുമ്പോൾ ഇതിനൊന്നും പറ്റാതെ എത്രയോ കുട്ടികൾ അടിമപ്പണി ചെയ്യുന്നുണ്ടാവും.വിദ്യാഭ്യാസം ഇല്ലാത്തതുമൂലം ഇവർക്ക് പുറം സമൂഹമായുള്ള ബന്ധം തന്നെ ഇല്ലാതാകുന്നു.

*വിദ്യാഭ്യാസം എന്ന അവകാശത്തെ തല്ലി കെടുത്തുന്ന ഓരോ ക്രൂരരായ മനുഷ്യർക്കും തക്കതായ ശിക്ഷ ലഭിക്കണം. ഇനിയൊരു കുട്ടികളും ബാലവേലയ്ക്ക് വിധേയരാകരുത് എന്നാണ് എന്റെ പ്രാർത്ഥന.....*

*ഷബാന ഷെറിൻ.സി*

***9 ബി***

# അപ്പുണ്ണിയുടെ ഗുരുനാഥൻ

സ്കൂൾ തുറക്കുന്നതിന് ഒരു ദിവസം മുമ്പ് വൈകുന്നേരം അപ്പുണ്ണി കിളിച്ചുണ്ടൻ മാവിന്റെ ചുവട്ടിൽ കൂട്ടുകാരുമായി ഒത്തുകൂടി. അവർക്ക് കൊടുക്കാൻ അപ്പുണ്ണിയുടെ കയ്യിൽ ഒരോ പൊതിയും ഉണ്ടായിരുന്നു. അപ്പുണ്ണി നട്ടക്കും കൂട്ടുകാരായ മുയലും ഉറുമ്പുംകീരിക്കുഞ്ഞനും പൊൻമാനും അവന്റെ ചുറ്റിനുമായി ഇരുന്നു. അവർക്കുവേണ്ടി കൊണ്ടുവന്ന കാരറ്റും പയറുമണിയും ബിസ്കറ്റും അവർക്ക്കൊടുത്തു. പക്ഷെ അവർ അത് തൊട്ട് നോക്കുക പോലും ചെയ്തില്ല . അപ്പോൾ മുയൽ എഴുന്നേറ്റു , എന്നിട്ട് എല്ലാവരോടുമായി പറഞ്ഞു ." നാളെ അപ്പുണ്ണി സ്കൂളിൽ പോവുകയല്ലെ , അവൻ പഠിച്ചു മിടുക്കനാവേണ്ടെ ? അതിന് നമുക്ക് അവനു ഉപദേശങ്ങൾ കൊടുക്കാം . എല്ലാവർക്കും സമ്മതമായി . ആദ്യം മുയൽ തന്നെ പറഞ്ഞു ."എനിക്ക് ഏറ്റവും വലിയ ഓട്ടക്കാരനാവുക എന്നതായിരുന്നു ആഗ്രഹം . അത്പോലെ അപ്പുണ്ണിക്കും ലക്ഷ്യം വേണം ". അടുത്തത് ഉറുമ്പിന്റെ ഊഴമായിരുന്നു . "അപ്പുണ്ണി ഞാൻ പലപ്പോഴും വലിയ അരിമണിയൊക്കെ കൊണ്ടു പോകുന്നത് നീ കണ്ടിട്ടില്ലെ , സ്ഥിരോത്സാഹവും കഠിനാധ്വാനവും പഠിക്കാൻ വേണം ". പൊൻമാനായിരുന്നു അടുത്തത് ."ലക്ഷ്യബോധവും കഠിനാധ്വാനവും സ്ഥിരോത്സാഹത്തിനും ഒപ്പം സൂക്ഷ്മദൃഷ്ടിയും വേണം ". അതുകേട്ട് എല്ലാവരും തലകുലുക്കി സമ്മതിച്ചു . അടുത്ത ഊഴം കീരികുഞ്ഞിനായിരുന്നു."അപ്പുണ്ണി....... നീ പഠിക്കുമ്പോൾ മറ്റൊന്നും ശ്രദ്ധിക്കാതെ ഏകാഗ്രമായി ഇരിക്കണം . ചിലപ്പോൾ ഈ ഇരിപ്പ് മണിക്കൂറോളം നീണ്ടു നിൽക്കും . എന്നാലും നീ തളരരുത് ". എല്ലാം കേട്ട് കഴിഞ്ഞപ്പോൾ അപ്പുണ്ണി ചോദിച്ചു 'നിങ്ങൾ ഈ കാര്യങ്ങളൊക്കെ ആരിൽ നിന്നാണ് പഠിച്ചത് ? അപ്പോൾ എല്ലാവരും പറഞ്ഞു "ഇതെല്ലാം പ്രകൃതി ഞങ്ങൾക്ക് തന്ന പാഠങ്ങളാണ് . ഞങ്ങളുടെ പാഠശാല പ്രകൃതിയാണ്. അവിടെനിന്നും ഇനിയും ഒരുപാട് കര്യങ്ങൾ പഠിക്കാനുണ്ട്" .

ഹാഷിബ . ഇ. കെ

7 A

## വിശ്വരൂപമാണ്

*എന്തിനു വേണ്ടിവിടരുന്നു എൻ മനസ്സ്*
*സ്വപ്നം നിറവേൽക്കാൻ പോലെ*
*എന്തിനു തുടിക്കുന്നു എൻ മനസ്സ്*
*നൊമ്പരമായി പുഞ്ചിക്കുന്നു*
*എൻ പ്രണയം മനസ്സിൽ പുഞ്ചിരി നിറക്കുന്നു*

*നിൻ മനസ്സിൽ ഒളിക്കുന്ന പ്രണയം*
*നിൻ പുഞ്ചിരിയാൽ ഞാൻ മനസ്സിലാക്കുന്നു*

*നിൻ മുഖമാണെൻ മനസ്സിൽ*
*ഇരുട്ടും പ്രകാശവും എൻ കണ്ണിൽ*
*നിറഞ്ഞാലും മറക്കില്ല ഞാൻ*
*ഇടി മുഴക്കം ചെവിയിൽ ഇരമ്പിയാലും*
*മനസ്സിൽ നിൻ സ്വരം മാത്രം*
*നിൻമുഖം മാത്രം*
*നിൻ നാദം മാത്രം*

*വെളിച്ചമേകുന്ന നിൻ തേൻ പുഞ്ചിരി കൊണ്ട്*
*വിഷമത്തെയും ചിരി കൊണ്ട് തരണം ചെയ്യുന്ന*
*നിൻ ചെറു തേൻ പുഞ്ചിരി മാത്രമെൻ മനസ്സിൽ........*

*അജിത്ത് കെ*
*Plus 1 Humanities*

## ജീവിതത്തിലെ നൂൽപാത

*മീനമോൾ എന്ന കൊച്ചുകുട്ടി എന്തോ ചിന്തിക്കുകയായിരുന്നു .അപ്പോഴാണ് അമ്മ വന്ന് വാതിൽ തുറന്നത് . പക്ഷെ അപ്പോഴും മീനു മോൾ തന്റെ ചിന്തയിൽ മുഴുകിയിരിക്കുക യായിരുന്നു . സാധാരണ നന്നായി പഠിക്കുന്നവളാണ് . കൂടാതെ ,അവൾ ലീവുള്ളദിവസ ങ്ങളിൽ കളിക്കാൻ പോലുംപോകാതെപഠിക്കലാണ് പതിവ്. എന്നാൽ കുറച്ച് ദിവസങ്ങളായി മീനു മോൾ ചിന്തയിലാണ്.അമ്മ എപ്പോഴും ചോദിക്കും "മീനൂ നീ എന്താണ് ചിന്തിക്കുന്നത്, നിന്റെ പ്രായത്തിൽ ഇങ്ങനെ ചിന്തിക്കാൻ പാടില്ല .ടീച്ചർ പറഞ്ഞല്ലോ നീ ഇപ്പോൾ പഴയത് പോലെയല്ല എന്ന് .നിനക്ക് എന്ത് പറ്റി ". അപ്പോഴെല്ലാം മീനു ഒന്നും പറയാതെ നിൽക്കു മായിരുന്നു.എന്നാൽ ഇന്നും അത് തന്നെ സംഭവിച്ചു . മീനുവിന്റെ ഉറ്റസുഹൃത്താണ് അനുമോൻ .അതുകൊണ്ട്മീനുവിന്റെ അമ്മ അനുമോനോട് ചോദിച്ചു "എന്താണ് മീനുവിന് സംഭവിച്ച തെന്ന് ". അനുമോൻ മറുപടി പറയാതെ തിരിഞ്ഞ് നടന്നു. അനുമോൻ മീനുവിനോട് ഈ കാര്യം പറഞ്ഞു . " മീനൂ ഞാൻ അമ്മയോട് പറയട്ടെ ....."വേണ്ടെടാ...ഞാൻ വേദനിച്ചാലും അമ്മ വേദനിക്കരുത്".അറിയാതെ ആ കുഞ്ഞു കണ്ണുകൾ നിറഞ്ഞൊഴുകി .പിറ്റേ ദിവസമായി അതൊരു തിങ്കളാഴ്ച്ചയായിരുന്നു . അവൾ യൂണീഫോം മാറ്റി റെഡിയായി സ്കൂളിലേക്ക് പോയി . അനുവും മീനുവും കഥകൾ പറഞ്ഞു നടന്നു . സ്കൂളിലെത്തി . പുതുതായി വന്ന ടീച്ചറെ അവൾക്ക് പേടിയായിരുന്നു . ആ ടീച്ചർ അവളെ എല്ലാവരുടെയും ഇടയിൽ വെച്ച് നാണം കെടുത്തുമായിരുന്നു .കാരണം കൂടാതെ അടിക്കുകയും ചെയ്യുമായിരുന്നു. അതാണ് അവളുടെ പ്രശ്നം .അവൾപിന്നീട് ചിന്തിച്ചു " ഞാൻ ഈ കാര്യം അമ്മയോട് പറഞ്ഞാലോ ,പറയണോ ? അമ്മക്ക് വേദനയാകുമോ ? ".അപ്പോഴാണ് അനുമോൻ ഓടി വന്ന് പറഞ്ഞത്"മീനൂ ആടീച്ചർ പോയി . " മീനു സന്തോഷത്തോടു കൂടി വീട്ടിലേക്ക് പോയി . വീട്ടിലെത്തിയ ഉടൻ സത്യം അമ്മയോട് തുറന്ന് പറഞ്ഞു .അപ്പോൾ അമ്മ പറഞ്ഞു "നീ ഈ കാര്യം നേരത്തേ പറയണ്ടേ .ഞാൻ നിന്നെ സ്കൂളിൽ നിന്ന് മാറ്റുലായിരുന്നോ . "അപ്പോൾ മീനു പറഞ്ഞു " ഇനി വേണ്ട അമ്മേ . ..*

*ആ ടീച്ചർ പോയി" . പിന്നീട് അനുവും മീനുവും പഴയതു പോലെ സുഹൃത്തുക്കളായി നടന്നു..........*

*അൻസില ഷെറിൻ എം*
*9B*

# അമ്മയുടെ സ്നേഹം



*കിങ്ങിണി ഗ്രാമത്തിലെ മാധവൻ ചേട്ടന് അഞ്ച് പശുക്കളുണ്ടായിരുന്നു . അതിൽ വെളുവെളുത്ത പശുവിന് പൂവാലി എന്ന് പേരിട്ടു .അങ്ങനെ കുറച്ച് നാളുകൾ കഴിഞ്ഞ് പൂവാലി പശു ഗർഭിണിയായി . മാസങ്ങൾ കഴിഞ്ഞ് അവൾക്കൊരു പെൺകുഞ്ഞ് പിറന്നു. അമ്മയുടെ അതേ നിറമുള്ള കുഞ്ഞിന് മാധവൻ ചേട്ടൻ മാളൂക്കുട്ടി എന്ന് പേരിട്ടു . ഒരു ദിവസം മാധവൻ ചേട്ടൻ മാളൂക്കുട്ടിയെയും അവളുടെ അമ്മയെയും മറ്റു പശുക്കളെയും കൂട്ടി വലിയൊരു മൈതാനത്തേക്ക് മേക്കാൻ കൊണ്ടുപോയി .കുറച്ച് സമയം കഴിഞ്ഞപ്പോൾ മാളൂക്കുട്ടി കൂട്ടം തെറ്റിഒരുകാട്ടിലെത്തി.മാളുകുട്ടിയെകാണാതായതിനാൽകൂടെയുണ്ടായിരിന്നവർക്ക്എല്ലാം വളരെ വിഷമമായി . പൂവാലി പശു നാല് ഭാഗത്തേക്കും ഓടിനടന്ന് ആർത്ത്കരയുന്നുണ്ടായിരുന്നു. പെട്ടന്നായിരുന്നു കൂട്ടത്തിലുള്ള ഒരു പശുവിന്റെ ശ്രദ്ധയിൽ അത് പെട്ടത്. മാളൂക്കുട്ടി ഒരു കടുവയുടെ കയ്യിൽപെട്ടിരിക്കുന്നു . ആ കടുവയതാ മാളൂക്കുട്ടിയുടെ കുസൃതി കണ്ട് അവളെ കെട്ടിപിടിച്ചിരിക്കുന്നു . പൂവാലിഅലറികരഞ്ഞ് കൊണ്ട് ആ കടുവയോട് പറഞ്ഞു. "കടുവച്ചാരെ എന്റെ കുഞ്ഞ് പാവമാണ്. അവളെ നീ ഒന്നും ചെയ്യല്ലെ എന്റെ കുഞ്ഞിനെ നീ അക്രമിച്ചാൽ അവളുടെ ശരീരം വേദനിക്കും . അതുകൊണ്ട് എന്റെ കുഞ്ഞിനെ നീ വെറുതെ വിടൂ അവൾ പാവമാണ് . പകരം നീ എന്നെ പിടിച്ചോളൂ . എന്നിട്ട് നിന്റെ ഭക്ഷണം ഞാനാകട്ടെ "പൂവാലി പൊട്ടികരഞ്ഞു . അമ്മയുടെ കരച്ചിൽ കടുവയ്ക്ക് മനസ്സ് വല്ലാതെ വിഷമിച്ചു . ഞാനും ഒരമ്മയാണെന്ന് കടുവ ഓർത്തു . കടുവ മാളൂക്കുട്ടിയെ പൂവാലിക്ക് തിരിച്ച്കൊടുത്തു . പൂവാലി മാളൂക്കുട്ടിയെ തിരിച്ച് കിട്ടിയ സന്തോഷത്തിൽ കടുവയ്ക്ക് നന്ദി പറഞ്ഞുകൊണ്ട് വീട്ടിലേക്ക് തിരിച്ച് പോയി .*

*ഗുണപാഠം : ഏതൊരു ജീവിയും മാതാവിന്റെ സ്നേഹത്തിന് മുന്നിൽ പകച്ചുപോകും ......*

*ഹാദിയ നജ .വി . പി*

5B

# ഞെട്ടിക്കുന്ന സ്വപ്നം

*അമ്മു അമ്മയുടെയും അച്ഛന്റെയും കൂടെകടയിൽപോയതായിരുന്നുഓണത്തിരക്കായതിനാൽ അവർപരസ്പരം കൈകോർത്ത് നടന്നു.പെട്ടന്ന് ഉണ്ടായതിരക്കിൽ അമ്മു അച്ഛന്റെ കൈയിൽ നിന്ന് പിടിവിട്ട് പോയി.അച്ഛാ.... അവൾ ഉറക്കെ കരയാൻ തുടങ്ങി.അമ്മു ഒറ്റപ്പെട്ടു. മാതാപിതാക്കൾ അവളെ എല്ലാ സ്ഥലങ്ങളിലും അന്വേഷിച്ചു. പക്ഷെ കണ്ടെത്താൻ കഴിഞ്ഞില്ല. അങ്ങനെ രണ്ടു ദിവസങ്ങൾക്കു ശേഷം അവൾ സ്വയം തന്റെ വീട് കണ്ടെത്തി.തിരികെ വന്നു വീട്ടിൽ കയറിയ അവൾ കണ്ടത് വെള്ളയിൽ പുതച്ചുകിടക്കുന്ന തന്റെ അമ്മയെ..................അമ്മാ..... അമ്മു ഉറക്കെ അലറി.അടുക്കളയിൽ നിന്നുംഅമ്മ ഓടിവന്നു. എന്തുപറ്റി അമ്മൂ ?നടന്നതെല്ലാംഅവൾ അമ്മയോട് പറഞ്ഞു. അമ്മ അവളെ ആശ്വസിപ്പിച്ചു. “അമ്മൂ... ഉറങ്ങാൻ കിടക്കുമ്പോൾ ദൈവത്തിനോട് പ്രാർത്ഥിച്ച് കിടക്കണം”.അമ്മു കരഞ്ഞുകൊണ്ട് പറഞ്ഞു. “ഇനി എല്ലാ ദിവസവും ഞാൻ അങ്ങനെ ചെയ്യാം അമ്മാ.......”അങ്ങനെ അമ്മുകുട്ടി സുഖമായി കിടന്നുറങ്ങി.*

*നാജിയ വി.കെ*
*9A*

## സ്വപ്നം

ഓരോ മനുഷ്യന്റെ ജീവിതത്തിലും ഒരുപാട് സ്വപ്നങ്ങളുണ്ട്. സ്വപ്നങ്ങളും ആഗ്രഹങ്ങളുംകൊണ്ട് നിറഞ്ഞതാണ് ഓരോ മനുഷ്യന്റെയും ജീവിതം. ഓരോരുത്തരുടെയും സ്വപ്നങ്ങൾ വ്യത്യസ്തമാണ്. ജീവിതത്തിൽ വരുന്ന ഓരോ പ്രശ്നങ്ങളും നേരിട്ട്, അവൻ മറ്റുള്ളവരെ സഹായിക്കുമ്പോൾ അവനൊരു യഥാർത്ഥ മനുഷ്യനായി മാറുന്നു. മറ്റുള്ളവരെ സഹായിക്കുന്നതിലും അവരുടെ സുഖത്തിലും പങ്കുചേരുന്നതിലുമാണ് ഓരോരുത്തരുടെയും നന്മ. സ്വപ്നങ്ങൾ നേടിയെടുക്കാൻ ഒരുപാട് പ്രശ്നങ്ങൾ നേരിടേണ്ടി വരും. എന്നാൽ, അതിനെയെല്ലാം തരണം ചെയ്ത് മുന്നോട്ട് നീങ്ങിയാൽ വിജയത്തിന്റെ വാതിലുകൾ മുന്നിൽ തുറന്നു കാണും. മറിച്ചായാൽ, പരാജയത്തിന്റെ ആഴങ്ങളിലേക്ക് താഴ്ന്നിറങ്ങും.ഒരുപാട് വഴികൾ തുറന്ന് വരുമ്പോൾ അതിൽ നല്ലതേതെന്ന് മനസ്സിലാക്കാൻ സാധിക്കണം.ഓരോ ചുവട് വെക്കുമ്പോഴും കൃത്യമായ ശ്രദ്ധ ഉണ്ടായിരിക്കണം. ശ്രമിച്ചാൽ നടക്കാത്ത ഒരു കാര്യവുമില്ല. ശ്രമിക്കാതിരുന്നാൽ പരാജയമാണ് വിധി.ഓരോ പ്രശ്നവും കടന്നുവരുമ്പോൾ താർച്ചയായും അതിൽ ഒരു വിജയം ഒളിച്ചിരിക്കുന്നുണ്ടാവും. വീഴുന്നത് ഒരിക്കലും ഒരു പരാജയമല്ല എന്നാൽ എഴുന്നേൽക്കാതിരിക്കലാണ് പരാജയം. ഓരോ പരാജയവും വിജയത്തിലേക്കുള്ള തുടക്കമാണ്.

"ആദ്യപരാജയം അഭിമുഖീകരിക്കാൻ ഒരിക്കലും ഭയക്കരുത്.കാരണം വിജയകരമായ ഒരു കണക്ക് പോലും തുടങ്ങുന്നത് പൂജ്യത്തിൽ നിന്നാണ് ".

എ.പി.ജെ. അബ്ദുൾകലാം

നാം സ്വപ്നം കാണണം തന്നാലാവും വിധം അതിനെ സാക്ഷാൽക്കരിക്കാൻ ശ്രമിക്കണം.

"ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം
ഉറക്കം കെടുത്തുന്നതാണ് സ്വപ്നം".

*എ.പി.ജെ. അബ്ദുൾകലാം*

സഹ്‌ല തസ്നി. വി
*IX B*

# നാടോടിക്കഥകളും വിദ്യാഭ്യാസവും

മനുഷ്യസമൂഹത്തിന്റെ സമീകൃതമായ നിലനിൽപ്പാണ് വിദ്യാഭ്യാസം ലക്ഷ്യംവെയ്ക്കുന്നത്. വ്യക്തിയും സമീഹവും പരിവർത്തനത്തിന് വിധേയമാകുമ്പോഴാണ് ആരോഗ്യകരമായ ഒരു ജനതതി രൂപം കൊള്ളുന്നത്. സമൂഹത്തിന്റെ ഗുണപരമായ ഈ വികസനം സാക്ഷാത്ക്കരിക്കുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. അതിനാൽ വൈജ്ഞാനിക രംഗത്തെ നൂതനമായകണ്ടെത്തലുകൾ എന്നും വിദ്യാഭ്യാസരംഗത്തെ പരിഷ്കരിച്ചുകൊണ്ടിരിക്കും. സാമൂഹ്യശാസ്ത്രവും നരവംശ ശാസ്ത്രവും മനശാസ്ത്രവും വിദ്യാഭ്യാസ ദർശനങ്ങളും ഒത്തുചേർന്ന് രൂപം നൽകുന്ന പന്ഥാവിലാണ് വിദ്യാഭ്യാസരംഗം സഞ്ചരിക്കുന്നത്. വർത്തമാനവിദ്യാഭ്യാസരീതി,അറിവ് നിർമ്മാണം,വിമർശനാത്മക ബോധനശാസ്ത്രവും എന്നീ ദർശനങ്ങളെ ആധാരമാക്കുന്നു. ഈ രണ്ട് ദർശനങ്ങളിലും തെളിയുന്നത് വ്യക്തികളുടെ സർഗ്ഗാത്മകതയാണ്. അതായത് ഓരോ വ്യക്തിയിലും അന്തർലീനമായ കഴിവുകൾ സർഗ്ഗാത്മകമായി ആവിഷ്കരിക്കാനുള്ള അനുഭവപരിസരം ഒരുക്കുന്നിടത്താണ് ഗുണമേന്മയുള്ള വിദ്യാഭ്യാസം സാർത്ഥകമാകുന്നത്.

മനുഷ്യർ നേരത്തെ തന്നെ നേടിയെടുത്ത ആശയങ്ങളും ധാരണകളും വസ്തുതകളും ഏകീകരിച്ച് പുനക്രമീകരിച്ച് പുതിയ ആശയമോ വസ്തുതകളോ ധാരണകളോ ആയി ആവിഷ്കരിക്കാനോ സൃഷ്ടിക്കനോ ഉള്ള കഴിവിനെ സർഗ്ഗാത്മകത എന്ന് വിലയിരുത്താം. എല്ലാ മനുഷ്യരിലും ഏറിയും കുറഞ്ഞും നിലനിൽക്കുന്ന ഈ സർഗ്ഗാത്മകതയെ മികച്ച് പഠനാനുഭവങ്ങൾ നൽകി പരിപോഷിപ്പിക്കാം. ഈ അവബോധം നമ്മുടെ വിദ്യാഭ്യാസ ദർശനത്തിലേക്ക് കൂട്ടിച്ചേർത്തത് ഗിൽഫോർഡ് എന്ന അമേരിക്കൻ മനശാസ്ത്രജ്ഞനാണ്.

വിദ്യാഭ്യാസത്തിന്റെ ആണിക്കല്ലായ സർഗ്ഗാത്മകതയെ രൂപപ്പെടുത്താൻ അനുഗുണമായ സാധ്യതകൾ ലോകത്തെവിടെയും ഉള്ള നാടോടി വാമൊഴികൾക്കെന്നപോലെ മലയാളത്തിലെ വാമൊഴിവഴക്കങ്ങൾക്കും ഉണ്ട്. പ്രീപ്രൈമറി മുതൽ ഉയർന്ന ക്ലാസ്സുകൾ വരെ ഫലപ്രദമായി ഉപയോഗിക്കാവുന്ന പഠനാനുഭവങ്ങൾക്കുള്ള ഇടമായി മലയാളത്തിലെ നാടോടിക്കഥകളെ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. കഥ കേൾക്കുന്നവൻ കഥയുള്ളവനാകുന്നു. കഥ കേൾക്കാത്തവൻ കഥയില്ലാത്തവനും ആകുന്നു എന്ന ചിന്ത ഈ തിരിച്ചറിവിന്റെഎ ഭാഗമാണ്.

നാടോടി വാമൊഴി വഴക്കങ്ങളിൽ ഏറെ പ്രധാനപ്പെട്ട ഒരു ഇനമാണ്

നാടോടിക്കഥകൾ. ഓരോ കൂട്ടായ്മയും അവരവരുടെ ജീവിതാനുഭവങ്ങളിൽ നിന്നും ലോകബോധത്തിൽ നിന്നുമാണ് നാടോടിക്കഥകൾ രൂപം കൊണ്ടത്. അറിവും ആനന്ദവും പകരുന്ന നാടോടിക്കഥകൾ വ്യഷ്ടിയിലും സമഷ്ടിയിലും വൈവിധ്യവും വൈചിത്ര്യവും നിറഞ്ഞ ധർമ്മം നിറവേറ്റുന്നുണ്ട്.

മനുഷ്യനും മൃഗങ്ങളും ,മൃഗങ്ങളും പക്ഷികളും കഥാപാത്രങ്ങളായി വരുന്ന നാടോടിക്കഥകൾ അനന്തമായ ഭാവനാലോകമാണ് കുട്ടിയിൽ തുറന്നുവെക്കുന്നത്. തരുപക്ഷി മൃഗാദികൾ തമ്മിൽ സംസാരിക്കുന്നു, ഒപ്പം സഞ്ചരിക്കുന്നു. പല ജീവിതാവസ്ഥകൾ പങ്കുവെക്കുന്നു. യാഥാർത്ഥ്യവും അയാഥാർത്ഥ്യവും കൂടിച്ചേർന്ന് ഭാവനയുടെയും സൗന്ദര്യബോധത്തിന്റെയും അനന്തസാധ്യതകൾ കുട്ടികളിൽ വിരിയിക്കുന്നു. മണ്ണാങ്കട്ടയും കരിയിലയും കൂട്ടുകാരാകുന്നു. ഒപ്പം സഹായിച്ച് കാശിയിലേക്ക് സഞ്ചരിക്കുന്നു.അത്തിമരത്തിൽ ഒറ്റപ്പെട്ട് ജീവിക്കുന്നകുരങ്ങന് സുഹൃത്തായി വരുന്ന മുതല അത്തിപ്പഴം പോലെ മാധുര്യമേറുന്ന കരങ്ങന്റെ കരൾ സ്വപ്നം കാണുന്ന മുതലച്ചി, ആപത്തിൽ നിന്നും സൂത്രത്തിലൂടെ സ്വജീവിതം തിരിച്ചുപിടിക്കുന്ന കരങ്ങൻ.ആനയും പാപ്പാനും തമ്മിലുള്ള സ്നേഹം,തുന്നൽക്കാരന്റെ പിണക്കം,ആനയുടെ പ്രതികാരം ഇങ്ങനെ മലയാളത്തിലെ എത്രയെത്ര സുവർണ നാടോടിക്കഥകളാണ് കുട്ടികൾക്ക് ഭാവനയുടെയും സൗന്ദര്യബോധത്തിന്റെയും ചിന്തയുടെയും ലോകം ഒരുക്കിവെയ്ക്കുന്നത്.

അസംബന്ധത്തിലൂടെ അദ്വൈതം പറയുന്ന മണ്ണാങ്കട്ടയും കരിയിലയും എന്ന നാടോടിക്കഥ ജീവിതം നാം എത്ര കരുതലോടെ ഒരുക്കിയാലും വിധിയുടെ കയ്യിലെ വെറും പമ്പരം മാത്രമാണ് ജീവിതം എന്ന കലാതീതമായ പാഠം ഗുണപാഠമായി സ്വീകരിക്കാനും കിട്ടിയ ജീവിതത്തെ സർഗ്ഗാത്മകമായും ഗുണപരമായും ഉപയോഗിക്കുന്നതിലാണ് ധന്യത എന്ന വിവേകം നമ്മിൽ നിറയ്ക്കാനും പര്യാപ്തമാണ് ഈ കഥ. ഇത് പ്രൈമറി തലം മുതൽ ഉയർന്ന ക്ലാസ് വരെ ഉപയോഗിക്കാവുന്ന മികച്ചപഠനവിഭവമാണ്. തരംഭംദമനുസരിച്ച് നാനാർത്ഥ വായനയുടെ സാധ്യത ഇതിൽ അന്തർലീനമാണ്.

അത്യാഗ്രഹം ആപത്താണ്. വിശ്വാസ വഞ്ചന തന്റെ തന്നെ ആപത്തിന് കാരണമാകും എന്നീ സന്ദേശങ്ങൾ നമ്മിൽ ധർമ്മബോധത്തിന്റെ തിരിതെളിയ്ക്കും. മലയാളത്തിലെ നിരവധി നാടോടിക്കഥകൾ വ്യക്തിയിലും സമൂഹത്തിലും ധാർമ്മികത നിലനിർത്താൻ പര്യാപ്തമാണ്. മനുഷ്യനും മൃഗങ്ങളും കഥാപാത്രങ്ങളാകുന്ന ഉണ്ടനും ഉണ്ടിയും പുള്ളിപ്പുലിയും എന്ന നാടോടിക്കഥ വാക്കുപാലിക്കാതെ വഞ്ചന ചെയ്ത് അത്യാഗ്രഹം മൂത്ത് സ്വജീവിതത്തിൽ തന്നെ ആപത്തുവിളിച്ചുവരുത്തുന്ന ഉണ്ടനും ഉണ്ടിയും െന്നദമ്പതികളെ കാണിച്ചുതരുന്നു. പക്ഷികഥകളിൽപ്പെട്ട ഏകാദശി നോറ്റ കാക്ക എന്ന നാടോടിക്കഥയിൽ നന്മയും തിന്മയും തമ്മിലുള്ള സംഘർഷവും അതിൽ നന്മയാണ് ആത്യന്തിക വിജയംനേടുക എന്ന നൈതികത

മുന്നോട്ടുവെയ്ക്കുന്നു. പരസ്പര സ്നേഹവും വിശ്വാസവുമാണ് ധാർമ്മികതയുടെ കാതൽ എന്നും അതിന് സ്വജീവിതത്തിൽ നൈതികതയുടെ സമൃദ്ധിയുണ്ടാകണമെന്നും ഇത്തരം കഥകൾനമ്മെ ബോധിപ്പിക്കുന്നു.

മറ്റുള്ളവരുടെ ഭാവി പ്രവചിച്ച് സാധാരണക്കാരിൽ നിന്നും അമാനുഷിക പരിവേഷം നേടുന്ന പണിക്കർക്ക് തന്റെ ഭാവിപോലും നിർണ്ണയിക്കാൻ കഴിയില്ല എന്ന് ആക്ഷേപഹാസ്യത്തിലൂടെ അവതരിപ്പിക്കുന്ന കഥയാണ് പണിക്കരുടെ വാഴത്തോട്ടം. അണ്ണാനോട് ദേഷ്യം പിടിച്ച് എല്ലൊടിഞ്ഞ് കിടക്കുന്ന പണിക്കർ യുക്തിയില്ലാതെ പ്രവർത്തിക്കുന്നതിലെ അയുക്തി സയുക്തികം ബോധിപ്പിച്ച് അനുവാചകരിൽ യുക്തിബോധത്തിന്റെ അടരുകൾ തീർക്കുകയാണ് ചെയ്യുന്നത്. യാഥാർത്ഥ്യബോധമുൾക്കൊണ്ട് ലോകജീവിതത്തെ സമീപിക്കണമെന്നും എന്തും യുക്തിയുടെ ഉരകല്ലിൽ ഉരച്ചു പരിശോധിക്കണമെന്നും സൂചിപ്പിക്കുന്നു. ഇത്തരം കഥകൾ ചിരി മാത്രമല്ല ച്ിന്തയും വിവേകവും പകരുന്നവയാണ്. സമൂഹത്തിന്റെ ബാലപാഠങ്ങൾ ആക്ഷേപഹാസ്യത്തിലൂടെ അവതരിപ്പിച്ച് ജീവിതത്തെ സർഗാത്മമായി കാണാനും ആവിഷ്ക്കരിക്കാനുമുള്ള കരുത്ത് പകരുന്നു.

ഭാഷയുടെ ബാലപാഠം മുതൽ ഭാഷയുടെ വളർച്ച മുറ്റുമ്പോൾ ശ്രദ്ധിക്കുന്ന വ്യാകരണതലം വരെ ചർച്ച ചെയ്യുന്ന മേഖല നാടോടികഥാവിനിമയത്തിലൂടെ ക്ലാസ്സുറികളിൽ സംജാതമാവും. നന്നായി കഥ പറഞ്ഞ് കേൾക്കുന്ന കുട്ടി മികച്ച ഉച്ചാരണ നൈപുണി, മികച്ച വായന, എഴുത്ത് എന്നിവ എളുപ്പം കരസ്ഥമാക്കും. ഓരോ നാടോടികഥയും ലഘുവാക്യങ്ങളിലൂടെയാണ് പുരോഗമിക്കുന്നത്. അതുവഴി വാക്യഘടന തിരിച്ചറിയാനുംഅനുകബലമായ സാഹചര്യത്തിൽ സർഗ്ഗാത്മകമായി വാക്യനിർമ്മാണം നടത്താനും കുട്ടിക്ക് ശേഷി പകരുന്നു. ഇത്തരം വ്യാകരണവിവേകങ്ങൾ സ്വാഭാവികമായ പരിസരങ്ങളിലൂടെ ലളിതമായി ആനന്ദകരമായി കുട്ടികളിൽ നിമ്മിച്ചെടുക്കാൻ കഴിയും വിധം നാടോടികഥകളെ വിവേകപൂർവ്വം മികച്ചപഠന ബോധന വിഭവമാക്കി നാംപരിവർത്തിപ്പിക്കണം. അവിടെ വിദ്യാഭ്യസത്തിന്റെ ആണിക്കല്ലായസർഗ്ഗാത്മകത കുട്ടിയിൽ സമൃദ്ധമായി വളരും.

കഥാവതരണം മികച്ച അനുഭവമാക്കുന്നത് അവതാരകന്റെ ആംഗികവാചിക ചലനങ്ങളിലൂടെയാണ്. ഇത്തരം ചലനങ്ങൾ ഓരോ കുട്ടിയിലും ഭാവനയുടെയും അഭിനയത്തിന്റെയും പുതുവഴികൾ വെട്ടിയെടുക്കും. മനുഷ്യാനുഭവങ്ങൾ തീവ്രവും തീക്ഷണവുമായി അവതരിപ്പിക്കാനും ആസ്വാദകരിൽ ആനന്ദവും ചിന്തയും വളർത്തതക്കവിധം കലാപ്രവർത്തനങ്ങൾ നടത്താനും കുട്ടികൾക്കുള്ള പ്രേരണനൽകുന്നു. കഥാവതരണത്തിലൂടെ മനസ്സിൽആശയം രൂപപ്പെടുന്ന കുട്ടി ഈ ആശയത്തെ വ്യത്യസ്ത

വർണങ്ങളിൽ ആവിഷ്ക്കരിക്കുമ്പോൾ അത് ചിത്രകലയിലേക്ക് കൈപിടിച്ച് ഉയർത്തും. ഇങ്ങനെ വൈവിധ്യമാർന്ന കഴിവുകൾ ഉൾക്കൊള്ളുന്ന കുട്ടികളുടെ ക്ലാസിൽബഹുമുഖ പ്രതിഭകളെ വളർത്തിയെടുക്കാൻ നാടോടിക്കഥകൾക്ക് കഴിവുണ്ട്. ഈ തിരിച്ചറിവ് നമ്മുടെ ബോധപ്രക്രിയയെ അകംപുറം മറിക്കും.അവിടെയാണ് വിദ്യാഭ്യാസം സർഗ്ഗാത്മകമാകുന്നത്.

*വിദ്യാഭ്യാസത്തിൽ നാടോടിക്കഥകളുടെ അനന്തസാധ്യതകൾ നാം തിരിച്ചറിയേണ്ടതുണ്ട്. ഈ തിരിച്ചറിവ് വിദ്യാഭ്യാസത്തെ,പഠനപ്രക്രിയയെ സ്വാഭാവികമായും സർഗാത്മകവുമാക്കും. ആമന്ദത്തോടെ പഠിക്കാനും പഠനഭാരം ഒഴിവാക്കാനും കഴിയുമ്പോഴാണ് ജൈവികമായ വിദ്യാഭ്യാസം സാധ്യമാകുന്നത്. ജൈവികമായ വിദ്യാഭ്യാസമാണ് സർഗ്ഗാത്മകമായ വിദ്യാഭ്യാസം. മലയാളി തന്റെ പാരമ്പര്യത്തിൽ ഊന്നി വാമൊഴി വഴക്കങ്ങളെ ത്യാജ്യഗ്രാഹ്യ ബുദ്ധയോടെ സ്വീകരിക്കുകയും മികച്ച പഠനാനുഭവമായി പരിവർത്തിപ്പിക്കുകയും ചെയ്യണം. അത് നമ്മുടെ വിദ്യാഭ്യാസ രീതിക്ക് കരുത്തുറ്റ ദിശാബോധം നൽകുമെന്നത് നിസ്തർക്കമാണ്.*

*സുരേഷ് കുമാർ*
*HSST Malyalam*

# ജീവിതത്തിന്റെ വഴികൾ

എല്ലാവരുടെയും ജീവിതത്തിൽ ഒരുപാട് ആഗ്രഹങ്ങളും പ്രതീക്ഷകളും ഉണ്ടാവും . അവയെ നാം നമ്മേക്കാൾ കൂടുതൽ സ്നേഹിക്കും . നമ്മളതിനെ നമ്മുടെ സ്വപ്നക്കൂട്ടിൽ വളർത്തി അതിന്ഭാവിയുടെയും ഭാവനയുടെയും ചിറകുകൾ സമ്മാനിക്കും . പക്ഷെ ഒരുനാൾ അവ നമ്മെ നോക്കിചിരിച്ച് കൊണ്ട് നമ്മൾ നൽകിയ ആ സ്വർണ്ണചിറകുമായി നമ്മളിൽ നിന്നും ഒരുപാട് അകലേക്ക്പറന്ന് പോകും . അവിടെയാണ് ഒരിക്കലും പൂവണിയാത്ത സ്വപ്നങ്ങളും ആഗ്രഹങ്ങളും ബാക്കിയാവുന്നത് . ഇങ്ങനെയാണ് ജീവിതത്തിന്റെ ഓരോ ചുവടുകളും വഴികളും . ജീവിതത്തിന്റെ വഴികളിൽ ഒരുപാട് കല്ലുകളും മുള്ളുകളും നിറഞ്ഞിരിക്കുന്നു . കാരണം , ജീവിതം ഒരുനീർകുമിളയാണ് . അതിന് ആയുസ്സ് നിമിഷങ്ങൾ മാത്രം . ആ നീർകുമിളകൾക്കുള്ളിൽ ബാക്കിയാക്കിയ ഒരുപാട് ആഗ്രഹങ്ങളും സ്വപ്നങ്ങളുംമൊട്ടിട്ടുകൊണ്ടിരിക്കും . ചിലപ്പോൾ ആ ഭംഗിയുള്ള മൊട്ടുകൾ വിണ്ണിനെ നോക്കി വളരുന്നതാവാം . അതുകൊണ്ടായിരിക്കും അവ വളരുന്നതിനിടയിൽഒരു ചെറിയ തടസ്സം . ജീവിതത്തിന്റെ ഒരോ നിമിഷവും നന്മയും തിന്മയും സന്തോഷവും ദുഖവും നിറഞ്ഞതാണ് . അതായത് ജീവിതം ഒരു ചില്ല് കുപ്പിയാണ് . എപ്പോൾ വേണമെങ്കിലും നിലത്ത് വീണ് പൊട്ടാം ......

നാജില സി കെ .
**9B**

# എന്റെ വിദ്യാലയം

*അന്ന് ജൂണിലെ ചാറ്റൽ മഴയിൽ എന്റെ വിദ്യാലയ പടി കയറുമ്പോൾ എന്റെ ജീവിതത്തിന്റെ മറ്റൊരധ്യായംതുറക്കുകയായിരുന്നു. സ്നേഹത്തിന്റെയും അനുഭവത്തിന്റെയും താളുകളിൽ പ്രിയ സുഹൃത്തുക്കൾ അനുഭവത്തിന്റെ വേറിട്ടവെളിച്ചങ്ങളായി. ആസ്വാദനങ്ങൾക്കിടയിൽ വില്ലനായിഎത്തിയ പരീക്ഷാദിനങ്ങളും അധ്യാപകരുടെ ശകാരങ്ങളും ഇതെല്ലാം മറന്ന് ആഘോഷിക്കാൻ ആർട്സ് ഡേയും സ്പോർട്സ് ഡേയും ഒരു കൊച്ചു പഠനയാത്രയും സുന്ദരമായഓർമ്മകളും ,ഒരിക്കലും മറക്കാനാകാത്ത അനുഭവങ്ങളുടെകലാലയ സമ്മാനങ്ങളാണ്. സുഹൃത്തുക്കളുമായി പങ്കിട്ടസന്തോഷങ്ങളും സങ്കടങ്ങളും ഗുരുമനസ്സിൽ ഇടം നേടാൻകാട്ടിയ കുസൃതികളും എല്ലാം മറക്കാൻ കഴിയാത്ത ഓർമ്മയായി. ഇന്ന് ഉണങ്ങികരിഞ്ഞ പൂൽച്ചെടികളോടുംഓർമ്മമരങ്ങളോടും യാത്ര പറഞ്ഞ് പോകുമ്പോൾ ഓർ-മ്മകൾ ,സ്വപ്നങ്ങൾ ,പ്രതീക്ഷകൾ ,നഷ്ടങ്ങൾ എല്ലാ കലാലയവേദനയോടെ ഒരിറ്റു കണ്ണീരോടെ ഒരു പിടി ഓർമ്മൾ നെഞ്ചോട് ചേർത്തുവച്ച് ഞാൻ ഉറക്കെ പറയും....*

*പ്രിയ വിദ്യാലയമേ........ഒരായിരം നന്ദി ;*

*അനന്തു കൃഷ്ണൻ . എം*
*7A*

## അമ്മയുടെ മഹത്വം



*തൊട്ടടുത്ത് അയൽവാസികളായ രണ്ട് കുടുംബങ്ങൾ താമസിച്ചിരുന്നു.രണ്ട് കുടുംബങ്ങളിലും അമ്മയും മകനുമാണ് താമസിച്ചിരുന്നത്.ഈ രണ്ട്അയൽവാസികൾ തമ്മിൽ വളരെ വിത്യാസം ഉണ്ടായിരുന്നു. ഒന്നാമത്തെ വീട് ചെറുതും സൗകര്യങ്ങൾ ഇല്ലാത്തതുമായിരുന്നു.പത്ത് പതിനെട്ടുള്ള വയസുള്ള മകൻ അമ്മയെ നന്നായി സ്നേഹിച്ചിരുന്നു.രണ്ടാമത്തെ വീട്ടിൽ നേരെ മറിച്ച് മകൻ അമ്മയെ വെറുത്തു.എല്ലാ സൗകര്യങ്ങളുമുള്ള ആ വീട്ടിൽ ആ അമ്മ ഒരിറ്റ് സ്നേഹത്തിനായി കൊതിച്ചു.ഭക്ഷണസമയത്ത് കറിക്ക് ഉപ്പിലെന്ന നിസാരകാര്യത്തിന് മകൻ അമ്മയുടെ മുഖത്തേക്ക് ഭക്ഷണം വലിച്ചെറിഞ്ഞു. ആ അമ്മ തേങ്ങികരഞ്ഞു .ഒരു ദിവസം ആ അമ്മ തീരെ വയ്യാതായപ്പോൾ മകന്റെ പണം എടുത്ത് മരുന്നുകൾ വാങ്ങി ഇതറിഞ്ഞ മകൻ അമ്മക്രൂരമായി മർദിച്ചു.*

*ഈ ദിവസം ഒന്നാമത്തെ വീട്ടിലെ മകൻ അമ്മയ്ക്ക് സുഖമില്ലാത്തതിനാൽ മരുന്നിന് പണം അന്വേഷിച്ച് പോയതായിരുന്നു.ഒരു സ്നേഹിതന്റെ സഹായത്താൽ അവൻ മരുന്ന് വാങ്ങി അമ്മയുടെ അടുത്തേക്കായി ഓടി.എന്നാൽ അവൻ ഓടിയെത്തുമ്പോഴേക്കും അമ്മ മരിച്ചിരുന്നു.മകൻ ആർത്തുകരഞ്ഞുകൊണ്ട് ചേതനമറ്റുകിടക്കുന്ന ആ ശരീരം കെട്ടിപിടിച്ചു.ഇതുകണ്ട രണ്ടാമത്തെ വീട്ടിലെ മകൻ കരഞ്ഞുകൊണ്ട് തന്റെ അമ്മയോട് മാപ്പു പറഞ്ഞു.*

*ഇന്ന് ആർക്കാണ് അമ്മയെ നോക്കാൻ സമയം! പണത്തിന് വേണ്ടി*

*പായുകയാണ് എല്ലാവരും.*

*"ഈ ലോകത്ത് ഈശ്വരതുല്യമായാണ്*

*നാം അമ്മയെ കാണേണ്ടത്"*

*"അമ്മയെ സ്നേഹിക്കുക അനുസരിക്കുക"*

*" വാത്സല്യ നിധിയാണ് അമ്മ "*

***സഹ്ന***

*7 A*

# അധ്വാനവും ആരോഗ്യവും

ഒരു പ്രദേശത്ത് വളരെ ധനികനായ രണ്ട് വ്യക്തികളും അവരുടെ കുടുംബങ്ങളും താമസിച്ചിരുന്നു . അവരിൽ ഒരാൾ നല്ലൊരു കർഷകൻ കൂടിയായിരുന്നു. പക്ഷെ മറ്റെയാൾ നേരെ വിപരീതമായിരുന്നു. അവൻ തികച്ചുമൊരു കുഴിമടിയൻ തന്നെയായിരുന്നു . ആ കർഷകൻ തന്റെ കൃഷിയിടത്തിൽ തന്റെ ജോലിക്കാരുടെ കൂടെ നിന്ന് അവരിൽ ഒരാളായി തന്നെ ജോലിച്ചെയ്യുമായിരുന്നു . എന്നാൽ ഇതേ സമയം ആ കർഷകന്റെ അയൽക്കാരനായ വ്യക്തി തന്റെ കയ്യിലുള്ള പണം ഉപയോഗിച്ച് വളരെ ആഢംബരത്തോടെയും ആഹ്ലാദത്തോടെയും ഒരു അഹങ്കാരിയായി ജീവിക്കുകയായിരുന്നു . മാത്രമല്ല അയാൾ തന്റെ അയൽക്കാരനായ കർഷകനോട് എപ്പോഴും പറയുമായിരുന്നു . "ഇത്രയൊക്കെ സ്വത്തും പണവുമെല്ലാം ഉണ്ടായിട്ടും നീയെന്തിനാണ് ഇങ്ങനെ ഈ മണ്ണിലും ചെളിയിലും കിടന്ന് കഷ്ടപ്പെടുന്നത് . ഇത് നമ്മളെ പോലുള്ള പണക്കാർക്കെല്ലാം വളരെ വലിയൊരു അപമാനമാണ്."അയാൾ ഇങ്ങനെയൊക്കെ പറയുമായിരുന്നെങ്കിലും ആ കർഷകൻ അതൊന്നും വകവെക്കാറില്ലായിരുന്നു. അയാൾ തന്റെ കൃഷിയിടത്തിൽ വളരെ ആത്മർത്ഥയോടെയും സന്തോഷത്തോടെയും തന്റെ ജോലിക്കാരോടൊപ്പം ജോലിചെയ്തു.

ഇങ്ങനെ കാലങ്ങൾ ഒരുപാട് കടന്നുപോയി. രണ്ടുപേർക്കും പ്രായവും കൂടിവന്നു. എങ്കിലും ആ കർഷകൻ അന്നും യാതൊരുവിധത്തിലുള്ള രോഗങ്ങളും ശാരീരക പ്രശ്നങ്ങളും ഒന്നുമില്ലാതെ വളരെ ആരോഗ്യവാനായി തന്നെ ജീവിച്ചു. പക്ഷെ അയാളുടെ അയൽക്കാരന് പ്രായം കൂടും തോറും അയാളുടെ ആരോഗ്യവും കുറഞ്ഞ് കൊണ്ടിരുന്നു.അയാളൊരു രോഗിയായി മാറി.

അങ്ങനെയിരിക്കെ ഒരുനാൾ ആ കർഷകൻ അയാളുടെ അയൽക്കാരനെ കാണാൻ വേണ്ടി അയാളുടെ വീട്ടിലേക്ക് പോയി. അപ്പോൾ ആ കർഷകനോട് അയാൾ പറഞ്ഞു "ആരോഗ്യമുള്ള കാലത്ത് നീ വളരെ അധികം അധ്വാനിച്ചു. പക്ഷെ ഞാനന്ന് എന്റെ കയ്യിൽ പണമുണ്ടല്ലോ പിന്നെന്തിനാണ് ഞാൻ ജോലിചെയ്യുന്നതെന്ന് പറഞ്ഞ് എന്റെകയ്യിലുള്ള പണം ഉപയോഗിച്ച് ആഢംബരത്തോടെയും അഹങ്കാരത്തോടെയും ജീവിച്ചു . അതിന്റെ ഫലമാണ് ഞാനിന്ന് അനുഭവിക്കുന്നത് " . ഇതെല്ലാം കേട്ട ശേഷം കർഷകൻ അയാളോട് പറഞ്ഞു"സുഹൃത്തെ തന്റെ കയ്യിൽ പണമുണ്ടെന്ന് കരുതി താൻ ജോലിയൊന്നും ചെയ്യാതെ മടിയനായി ജീവിക്കരുത് . നമുക്ക് ആരോഗ്യമില്ലാതെ എത്ര സ്വത്തും പണവുമുണ്ടായിട്ട് യാതൊരു കാര്യവുമില്ല ". പിന്നീട് അയാൾ ഉള്ള ആരോഗ്യം വെച്ച് അധ്വാനിച്ച് ജീവിച്ചു .

സഹ്‌ല തസ്നി
8 ബി

# A RAINY NIGHT

A sleepless night in the cattle shed
Praying with watching the drastic dance of rain
The thunderous voice of slipping of land
Created in me an unforgettable night

The gurgling stream changed into roaring river
The breeze transformed into whirling wind
The nature showed all her wilderness
As cloud bursting and heavy downpour



When the sun peeped through the cloudy sky
We saw the debris caused by rain
The hilly land came down as it made
Quarrel with its and mates

When I saw the muddy layer of land
Washing away all the lands green
My mind struck on the question
Is the mountain came down to meet me ?

As the flood came and gone
Parting its remains here and there
As a milestone to remember that night
Which is always a night mare to me !

RAJANI P M
HSA ENGLISH

# ജീവിതത്തിലെ സൗഹൃദം

*നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യങ്ങളിൽ ഒന്നാണ് സൗഹൃദം . സൗഹൃദം ഒരു വാടാത്ത പൂവുപോലെയാണ് . ആരും കേൾക്കാത്ത കഥകളാണ് . മറ്റുള്ളവരോട് നമ്മുടെ സൗഹൃദത്തിലെ ഓരോ ഘട്ടങ്ങളെ കുറിച്ച പറയുമ്പോൾ നമുക്കുണ്ടാവുന്ന സന്തോഷവും കേൾക്കുന്നവർക്കുണ്ടാവുന്ന ആഹ്ലാദവും അത് കാണാൻ നല്ല രസമായിരിക്കും. കാരണം തന്റെ സൗഹൃദത്തെ കുറിച്ച് പറയുന്ന ആരുടെ മുഖഭാവത്തിലും അവർ തമ്മിലുള്ള സ്നേഹത്തിന്റെ അളവറിയാം അങ്ങനെയാണ് നമ്മുടെ ജീവിതത്തിലെ സൗഹൃദം. കൂട്ടുക്കാരാണ് നമ്മുടെ അഹങ്കാരം . അവരുണ്ടങ്കിൽ എല്ലാത്തിനുമൊരു ധൈര്യമാണ് . കാരണം , ഏതൊരു ചങ്കുപൊട്ടുന്ന വേദനയിലും നമ്മളെ കാണുമ്പോൾ നമ്മളെക്കാൾ കൂടുതൽ സങ്കടപ്പെടുന്നത് അവരായിരിക്കും . എത്ര സങ്കടമുണ്ടായാലും ''സാരമില്ല പോട്ടെ ഞങ്ങളില്ലെ നിന്റെ കൂടെ '' എന്ന് പറഞ്ഞ് സമാധാ നിപ്പിക്കുന്ന കൂട്ടുകാർ . അവർ കൂടെയുണ്ടാവുമ്പോൾ നാം ഒറ്റപ്പെടില്ല . എന്റെ കൂടെ എന്റെ കൂട്ടുകാർ ഉണ്ടെന്ന് അഹങ്കാരത്തോടെ പറയാം . നമ്മുടെ ജീവിതത്തിലെ ഏറ്റവും നല്ല കൂട്ടുകാരാണ് നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം ....................*

*നാജില സി . കെ*

***9B***

# വയനാട്

വയലുകൾ ഉള്ള നാട് എന്ന അർത്ഥത്തിലാണ് വയനാടിന് ഈ പേര് വന്നത്.തേയിലച്ചെടികൾ മനോഹരമാക്കുന്ന കുന്നുകളും തലയുയർത്തി നിൽക്കുന്ന മാമലകളും നാടിന്റെ ഭംഗി കൂട്ടുന്നു.പ്രഭാതങ്ങളിൽ സൂര്യന്റെ കിരണങ്ങളാൽ മിന്നിത്തിളങ്ങുന്ന മഞ്ഞുതുള്ളികളും കോരിത്തരിപ്പിക്കുന്ന തണുപ്പും വയനാടിന്റെ സ്വന്തം പ്രത്യേകതയാണ്.

രാവിലെ മൂടിപ്പുതച്ചു കിടക്കാൻ തോന്നിപ്പിക്കുന്ന ആ തണുപ്പ് വയനാട്ടിലേക്കുള്ള വിനോദസഞ്ചാരികളുടെയും മറ്റും ആകർഷണം കൂട്ടുന്നു.കൂടാതെ വയനാട്ടിലേക്ക് നമ്മെ സ്വാഗതം ചെയ്യുന്ന വ്യൂ പോയന്റും വ്യത്യസ്ത കാഴ്ചകൾ തന്നെയാണ് നാം ഓരോരുത്തർക്കും നൽകുന്നത്.

എടയ്ക്കൽ ഗുഹയും ബാണാസുര സാഗർ ഡാമും അമ്പലവയൽ ഫാംമും എല്ലാം വയനാട്ടിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളാണ്.അമ്പലവയലിലെ കണ്ണഞ്ചിപ്പിക്കുന്ന പൂക്കളും എടയ്ക്കൽ ഗുഹയിലെ പ്രാചീന ചിത്രങ്ങളും ബാണസുരസാഗർ ഡാമിന്റെ മനോഹാരിതയും മറ്റും നാം ഓരോരുത്തരുടെയും കണ്ണഞ്ചിപ്പിക്കുന്നതാണ്.

2018 ലെ പ്രളയം വയനാടിനെ ഒന്നു പിടിച്ചുലച്ചെങ്കിലും ഒട്ടും തളരാതെ കൈകോർത്ത് പിടിച്ച് കൊണ്ട് നാം കേരളത്തിനു തന്നെ മാതൃകയായി മാറി.

ആരതി ബി. എസ്

***9B***

# എന്റെ നാട്

പണത്തിന്റെ ആർഭാടങ്ങൾ ഇല്ല എങ്കിലും സ്നേഹത്തിന്റെ ആർഭാടങ്ങൾ ഏറെയുള്ളനാടാണ് മേൽമുറി . ഉരുൾപെട്ടലിന്റെ മുറിവുകൾ ഏറെയുണ്ടെങ്കിലും അത് ആനാടിനെ ബാധിച്ചിട്ടില്ല. പലർക്കും പലതുംനഷ്ടപെട്ടു. പക്ഷെ ,അതെല്ലാം ഞങ്ങൾ തിരിച്ചു പിടിച്ചു.പതിയെ പതിയെ ആ മുറിവുകൾ ഉണങ്ങി തുടങ്ങി. എങ്കിലും ഉണങ്ങാത്ത മുറിവായി ബാക്കി നിൽക്കുന്നത് ആദ്യാക്ഷരം നുകർന്ന സ്കൂളിനെ കുറിച്ചുള്ള ഓർമ്മകളാണ്. അന്ന് ഓടി കളിച്ച സ്കൂൾമുറ്റം ഇന്ന് ചെളി നിറഞ്ഞിരിക്കുന്നു . അവിടെ ചിലവഴിച്ച ഓരോ നിമിഷവും മറക്കാനാവാത്ത ഒരോർമ്മയാണ്.തണലേകിയ മരങ്ങൾ ഇന്ന് അവിടെയില്ല . കാണാനാവുന്നത് ഉരുൾപൊട്ടലിൽ ഒലിച്ചിറങ്ങിയ മണ്ണും പാറകെട്ടുകളും മരങ്ങളും മാത്രം . പച്ച വിരിച്ച് നിന്ന തേയില ച്ചെടികൾ ഒലിച്ചിറങ്ങിയിരിക്കുന്നു . പക്ഷേ , അതൊന്നും ഞങ്ങളുടെ നാടിന്റെ സന്തോഷത്തെ ബാധിച്ചില്ല . മുമ്പത്തെക്കാളിലും ഊർജ്ജസ്വലരായി നഷ്ടപ്പെട്ടതെല്ലാം ഞങ്ങൾ തിരിച്ച് പിടിച്ചു . വലിയൊരു ദുരന്തത്തിനു പോലും ഞങ്ങളെ കീഴ്പ്പെടുത്താനായില്ല . അതിർത്തികൾ കടന്ന് ഒരുപാട് സഹായങ്ങൾ ഞങ്ങളെ തേടിയെത്തി . അത് ഞങ്ങൾക്ക് വളരെ അധികം ഉപകാരപ്പെട്ടു . മൊബൈലിലേക്ക് മാത്രം തല താഴ്ത്തിയിരുന്ന യുവ തലമുറ ഒരു ആവശ്യം വന്നപ്പോൾ തലയുയർത്തി മണ്ണിലേക്കിറങ്ങി.നാട് അവരെയോർത്ത് അഭിമാനിച്ചു . എല്ലാം ഇന്നൊരോർമ്മയായി നിൽക്കുന്നു . തിരിച്ച് പോകാനാഗ്രഹിക്കാത്ത ഒരോർമ്മയായി അതെന്നും ഞങ്ങളുടെ മനസ്സിൽ നിലനിൽക്കും...............

*ഷഹന ഷെറിൻ , 9B*

# എന്റെ കൊച്ചു ഗ്രാമം

ഗ്രാമത്തിൽ ഒരു കൊച്ചു വീട് . അത് എന്റേതായിരുന്നു. കുന്നുകളെ പച്ചയണിയിക്കുന്ന തേയില തോട്ടങ്ങളും തെളിനീർ നൽകുന്ന ഒരു കുഞ്ഞു പുഴയും ഓടി ചാടി കളിക്കുന്ന ആട്ടിൻ കുട്ടികളും എന്റെ നാടിന്റെ ഭംഗി വർധിപ്പിക്കുന്നു.എന്റെ നാട് അതെത്രയോ മനോഹരമാണ്. നല്ല അയൽപ്പക്ക ബന്ധങ്ങളും സ്നേഹം നിറഞ്ഞ കൂട്ടുകാരും നല്ല മനസ്സുള്ള ആളുകളും ആയിരുന്നു. സ്നേഹത്തിന്റെ കാറ്റായിരുന്ന എന്റെ ഗ്രാമത്തിൽ വലിയ ഒരു ദുരന്തത്തിന് സാക്ഷിയായി.വയനാടിനെ നടുക്കിയ ഉരുൾപൊട്ടൽ.....കുറിച്ചയാർമല ഉരുൾപൊട്ടൽ......പക്ഷെ അത് ഒന്നും എന്റെ ഗ്രാമത്തെ തകർത്തില്ല. ഒരു മാസത്തിനകം എല്ലം പഴയെ പടിയായി അതിർത്തി കടന്ന് ധാരാളം സഹായങ്ങൾ ഞങ്ങളുടെ നാട്ടിലെത്തി.ഞങ്ങൾക്ക് എല്ലാ വിധ സഹായങ്ങളും നൽകിയ എല്ലാവർക്കും നന്ദി

*മുഹ്സിന റൂബി*
*9 ബി*

FLOOD AFFECTED GHS ACHOOR





Heavy downpour and strong wind of August 8th and 9th made an unforgettable rainy days in the minds of Achoor folk. The river flowing near the school which adds to the panoramic beauty of our school overflowed and had taken a large part of our playground .The water level came up to 1.45mtr and had been there for two days. The accumulated rain water along with the land slide and land slips did a lot of damages to our school.

The ground floor of the higher secondary school consisting of IT lab and class rooms were fully under water for two days. The office room, 7 smart classrooms ,the science lab,IT lab ,the school store of high school section were under rain water. 6 laptops, 7 desktops, printers,generator ,3 KV UPS like a lot of valuable IT gadgets ,kitchen utensils all were damaged in the rain water.7 desks and 7 benches which we kept in the school varanthah for serving food to the students were washed away in the overflowed water. The basement of the building went down and the varanthah cracked. The windows of the classrooms were broken and damaged. Both girls' and boys' toilets were in dangerous condition.

Every thing including the records of the office and the classroom library became squeezed under water. But the problem before us is to reopen and function the school . Meanwhile many well wishers and helping hands visited our school apart from education and disaster management departments. The teachers , office staff ,the natives and the youth wing of Achoor joined together and

worked with whole heart to make our school clean for reopening.

The M L As, & MPs of our district and our neighbouring district ,District collector and other honourable officials visited our school and offered their support to us. The help came in the form of education kit for students, dress materials, kitchen utensils,cleaning materials ,sanitary items ,benches and desks etc We have to keep the names of many many in our heart like,old teachers of our school, Koyilandy Girls High School, Hasniya School Madavoor ,Golden Boys Vakayad, Dist.Co.Operative Bank employees Union, Vayaloram Arts Club, Poyil Family Karuvampoyil Koduvally, AIM Balussery , Friends Idiyamvayal Club, MAMO College,Manassery, Chamber of Commerce, Scout & Guides unit if Kodiyathoor PTM Higher Secondary School, Calicut Bar Association Members, Classmate Arts Organisation Attingal, Thamarassery Sub Dist.Hm Forum,Seeds Organisation, Save the Children Projects, Hope Foundation Authorities Etc.....

We, the school authorities express our sincere thanks to all who helped us ,guided us,visited us,assisted us, co -operated with us .consoled us and showered us with gifts and services .Thank you all. It is your prayers and consolation made us to recover from the devouring calamity of the nature

*THANKS A LOT*

*Rajani P M*
*H S A English*

# ജി എച്ച് എസ്സ് എസ്സ് അച്ചൂർ

